# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3353.

08-11-2019 ൽ മറുപടിയ്ക്ക്

## തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

**ചോദ്യം**

ശ്രീ.കെ. രാജൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിനായി തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | 1) രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)<br>2) സബ്മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ (SMAM)<br>3) ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (NFSM)<br>4) റെയിൻഫെഡ് ഏരിയ ഡവലപ്പ്മെന്റ് (RAD)<br>5) ദേശീയ ബയോഗ്യാസ് വികസന പദ്ധതി<br>6) നാഷണൽ മിഷൻ ഓൺ സസ്റ്റൈനബിൾ അഗ്രിക്കൾച്ചർ (NMSA)<br>7) സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ എക്സ്റ്റെൻഷൻ (SMAE)<br>8) പ്രധാൻമന്ത്രി കൃഷി സിഞ്ചായിയോജന (PMKSY)<br>9) മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) |
| (ബി) | 2017-18, 2018-19 എന്നീ വർഷങ്ങളിൽ പ്രസ്തുത പദ്ധതികളിലൂടെ എത്ര തുക തൃശ്ശൂർ ജില്ലയിൽ ചെലവഴിച്ചിട്ടുണ്ടെന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ? | (ബി) | 2017-18, 2018-19 വർഷങ്ങളിൽ തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## I. 2017 -18 ൽ തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശം

| ക്രമ നം. | പദ്ധതി | ചെലവഴിച്ച തുക (ലക്ഷത്തിൽ) | വിശദാംശം |
|---|---|---|---|
| 1) | രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) | 185.79438 | കൃഷി സംരക്ഷണത്തിനായി രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതികളിൽ ഉൾപ്പെടുത്തി തോടുകളുടെ ആഴവും വീതിയും കൂട്ടുക, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ. കൃഷി സ്ഥലങ്ങളിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി വാടാനപ്പിള്ളി, പാവറട്ടി, വെങ്കിടങ്ങ്, മണലൂർ പഞ്ചായത്തുകളിൽ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി പുലിക്കെട്ടുകളുടെ നിർമ്മാണം, കൊക്കോ, കശുമാവ്, വാഴ എന്നീ വിളകളുടെ വിസ്തൃതി വ്യാപനം എന്നിവ നടപ്പിലാക്കി. |
| 2) | സബ്മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ (SMAM) | 65.73291 | 2017-18 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിൽ വിവിധ ഘടകങ്ങളിലായി 65,73,291/- രൂപ (അറുപത്തി അഞ്ച് ലക്ഷത്തി എഴുപത്തി മൂവായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) 50 കർഷകർക്കും കർഷക കൂട്ടായ്മയ്ക്കുമായി പദ്ധതിയിൻ കീഴിൽ സബ്സിഡിയായി വിതരണം ചെയ്യുകയും ഈ സബ്സിഡി തുക ഉപയോഗപ്പെടുത്തി 44 ട്രാക്ടറുകളും 6 ടില്ലറുകളും, 7 മററ് അനുബന്ധ കാർഷിക ഉപകരണങ്ങളും പദ്ധതിയിൻ കീഴിൽ വാങ്ങിയിട്ടുള്ളതുമാണ്. ഇതിലൂടെ ജില്ലയിലെ 12 ബ്ലോക്ക് പരിധിയിലെ കർഷകർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| 3) | ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (NFSM) | 3.8845 | പദ്ധതിയുടെ പ്രധാന ഘടകങ്ങളായ മാതൃകാ പ്രദർശനം, വിത്ത് വിതരണവും ഉല്പാദനവും INM, IPM പരിശീലനങ്ങൾ എന്നിവ ജില്ലയിലെ പുഴക്കൽ, കൊടകര, ചേർപ്പ് ബ്ലോക്കുകളിൽ നടപ്പിലാക്കി. |
| 4) | റെയിൻഫെഡ് ഏരിയ ഡവലപ്പ്മെന്റ് (RAD) | 20.87 | തൃശ്ശൂർ ജില്ലയിൽ തിരുവില്വാമല ഗ്രാമപഞ്ചായത്തിലെ പാമ്പാടിയിലും, പഴയന്നൂർ പഞ്ചായത്തിലെ പഴയന്നൂർ പ്രദേശത്തുമാണ് ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഈ രണ്ട് ക്ലസ്റ്ററുകളിലും ഹോർട്ടിക്കൾച്ചർ അടിസ്ഥാനത്തിലുള്ള കൃഷി രീതികൾ എന്ന ഘടകമാണ് നടപ്പിലാക്കിയിട്ടുള്ളത്. മൊത്തം 93.378 ഹെക്ടർ വിസ്തീർണ്ണമാണ് പദ്ധതിയ്ക്കായി തിരഞ്ഞെടുത്തത്. ഹെക്ടറിന് 22,350/- രൂപ പ്രകാരം 20,87,000/- രൂപയാണ് പദ്ധതിയ്ക്കായി ചെലവഴിച്ചത്. തെങ്ങ്, ജാതി, പച്ചക്കറികൾ, കുരുമുളക്, വാഴ തുടങ്ങിയ വിളകൾക്കാണ് ആനുകൂല്യം നല്കിയത്. തൊഴിൽ കൂലി, നടീൽ വസ്തുക്കൾ, രാസ ജൈവ വളങ്ങൾ തുടങ്ങിയവയുടെ 50% ചെലവാണ് പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമാക്കിയത്. |

| | | | |
|---|---|---|---|
| 5 | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) | 149.71238 | വാഴ, പൈനാപ്പിൾ, പപ്പായ, സൂക്ഷ്മ ജലസേചനമില്ലാത്ത പ്ലാവ്, അലങ്കാര പുഷ്പം, ഇഞ്ചി/മഞ്ഞൾ, കുരുമുളക് എന്നിവയുടെ വിള വിസ്തൃതി വ്യാപനം. ഹൈ ഡെൻസിറ്റി പ്ലാന്റിംഗ്, സങ്കരയിനം പച്ചക്കറി കൃഷി, ജലസംഭരണി, ഷെയ്ഡ് നെറ്റ് (ട്യൂബുലാർ), പോളീഹൗസിലെ പച്ചക്കറി കൃഷി, കാർനേഷൻ ജർബിറ, പ്ലാസ്റ്റിക് മൾച്ചിംഗ്, യന്ത്ര സാമഗ്രികളുടെ വിതരണം, മണ്ണിരക്കമ്പോസ്റ്റ്, സംയോജിത രോഗകീട നിയന്ത്രണം എന്നിവ നടപ്പിലാക്കി. |
| 6 | പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) | 6.61445 | സ്പ്രിംഗ്ലർ, ഡ്രിപ് ജലസേചനം നടപ്പിലാക്കിയിട്ടുണ്ട്. |

II **2018-19-ൽ തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശം**

1) രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)

| | | | |
|---|---|---|---|
| എ) | ആർ.കെ.വി.വൈ-കലയിടം -കൊരട്ടിച്ചാൽ പാടശേഖരം | 104.733 | ചാലക്കുടി ബ്ലോക്കിലെ കലയിടം-കൊരട്ടിച്ചാൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൌകര്യ വികസന പ്രവർത്തനങ്ങൾക്കായിട്ടുള്ള പദ്ധതി (തോട് വികസനം, തടയണ നിർമ്മാണം, സ്ലൂയിസുകളുടെ നിർമ്മാണം, ട്രാക്ടർ റാമ്പുകളുടെ നിർമ്മാണം) |
| ബി) | ആർ.കെ.വി.വൈ-പനച്ചിക്കൽചിറ കക്കുളം പാടശേഖരം | 17.5476 | വെള്ളാങ്ങല്ലൂർ ബ്ലോക്കിലെ പൂമംഗലം പഞ്ചായത്തിലെ പനച്ചിക്കൽ ചിറ, കക്കുളം പാടശേഖരം അടിസ്ഥാന സൌകര്യ വികസനം (പമ്പ് ഹൌസ് സ്ഥാപിക്കൽ, കനാൽ വീതിയും ആഴവും കൂട്ടൽ, സ്ലൂയിസ് നിർമ്മാണം) |
| സി) | നെൽകൃഷിയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി | 468.863 | കേരളത്തിലെ നെൽകൃഷിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഹെക്ടറിന് 4,500/- രൂപ എന്ന നിരക്കിൽ ഉല്പാദനോപാധികൾക്ക് ധനസഹായം നല്കിവരുന്നു. ചെറുകിട നാമമാത്ര കർഷകർക്ക് ഉല്പാദനോപാധികൾക്ക് പ്രധാനമായി അത്യുല്പാദന ശേഷിയുള്ള വിത്തിന് കിലോഗ്രാമിന് 10/- രൂപ നിരക്കിൽ ഹെക്ടറിന് 1,000/- രൂപയും മണ്ണിന്റെ അമ്ലത പരിഹരിക്കുന്നതിനായി കുമ്മായ വസ്തുക്കൾക്ക് ഹെക്ടറിന് 1,000/- രൂപയും സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗത്തിനായി ഹെക്ടറിന് 500/- രൂപയും കസ്റ്റം ഹയറിംഗ് സെന്ററുകൾ വഴിയുള്ള യന്ത്രവത്ക്കരണത്തിനു വേണ്ടി ഹെക്ടറിന് 1,500/- രൂപയും സംയോജിത കീടനിയന്ത്രണത്തിന് ഹെക്ടറിന് 500/- രൂപയും ആനുകൂല്യമായി നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷന്റെ വ്യവസ്ഥകൾ അനുസരിച്ച് കർഷകർക്ക് നല്കിവരുന്നു. |
| ഡി) | കൂൺ,വാഴ കൃഷി | 5.175 | ഈ പദ്ധതിയുടെ കീഴില് കൂണ്, വാഴ കൃഷികള്ക്കായി ആകെ 5.175 ലക്ഷം രൂപ നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| 2) | സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈ - സേഷൻ(SMAM) | 245.6152 | കാർഷിക രംഗത്ത് യന്ത്രവല്ക്കരണം പ്രോത്സാഹിപ്പിക്കുക വഴി കൂടുതൽ സ്ഥലത്ത് കാർഷിക വ്യാപനം സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തിലൂന്നി കേന്ദ്ര സർക്കാരിന്റെ കൃഷി ഉന്നതി എന്ന പദ്ധതിയുടെ ഭാഗമായി 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ഉപയോഗിച്ച് ചെറുകിട നാമമാത്ര കർഷകർക്കായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ 'SMAM'.<br>കാർഷിക യന്ത്രവല്ക്കരണം കുറവുള്ള സ്ഥലങ്ങളിൽ കാർഷിക യന്ത്രങ്ങളുടെ ലഭ്യത കൂട്ടുന്നതിനും. കാർഷിക യന്ത്രങ്ങൾ കർഷകർക്ക് കുറഞ്ഞ വാടകയിൽ ലഭ്യമാക്കുന്നതിന് കസ്റ്റം ഹയറിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനും കർഷകർക്കും കർഷക സംഘങ്ങൾക്കും വിവിധ കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനും പദ്ധതിയിൽ സബ്സിഡി അനുവദിക്കുന്നു. കൂടാതെ നൂതനമായ കാർഷിക യന്ത്രങ്ങൾ കർഷകർക്ക് പരിചയപ്പെടുത്തുന്നതും. പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതും പദ്ധതിയുടെ ഭാഗമായി ചെയ്തുവരുന്നു.<br>2018-19 സാമ്പത്തിക വർഷത്തിൽ വിവിധ ഘടകങ്ങളിലായി 245.6152 ലക്ഷം രൂപ കർഷകർക്ക് പദ്ധതിയിൻ കീഴിൽ സബ്സിഡിയായി വിതരണം ചെയ്യുകയും. ഈ സബ്സിഡി തുക ഉപയോഗപ്പെടുത്തി 77 ട്രാക്ടർ. 20 പവ്വർ ടില്ലർ, ട്രാക്ടർ ഉപയോഗിച്ചുള്ള കേജ് വീൽ, ബെയിലർ, കൾട്ടിവേറ്റർ മുതലായ 12 ഉപകരണങ്ങൾ. വീഡ് കട്ടർ. വീൽ ബാരോ 25 എണ്ണം, 3 സസ്യസംരക്ഷണ ഉപകരണങ്ങൾ. 3 പവ്വർ സ്പ്രേയർ എന്നിവ വാങ്ങിയിട്ടുണ്ട്. അന്തിക്കാട്. ചാലക്കുടി, ചൊവ്വന്നൂർ, ചാവക്കാട്, ചേർപ്പ്, ഇരിങ്ങാലക്കുട, മാള, മുല്ലശ്ശേരി, കൊടകര, പുഴയ്ക്കൽ, പഴയന്നൂർ, ഒല്ലൂക്കര, തളിക്കുളം, വെള്ളാങ്ങല്ലൂർ, വടക്കാഞ്ചേരി എന്നീ ബ്ലോക്കുകളിലെ കർഷകർക്ക് വിതരണം ചെയ്തു. |
| 3) | ദേശീയ ബയോഗ്യാസ് വികസന പദ്ധതി | 13.242 | ദേശീയ ബയോഗ്യാസ് വികസന പദ്ധതി പ്രകാരം ചെറുകിട നാമമാത്ര കർഷകർക്ക് NITI ആയോഗിന്റെ സമഗ്ര ഊർജ്ജ പോളിസി അനുസരിച്ച് സബ്സിഡി നല്കിവരുന്നു.<br>പൊതുവിഭാഗത്തിൽ 1 ഘനമീറ്റർ വലിപ്പമുള്ള ബയോഗ്യാസ് പ്ലാന്റിന് 7,500/- രൂപ 2.6 ഘന മീറ്റർ വലിപ്പമുള്ള പ്ലാന്റിന് 12,000/- രൂപ എന്നീ നിരക്കുകളിലാണ് സബ്സിഡി നല്കുന്നത്.<br>2018-19 വർഷത്തിൽ,<br>$1m^3$ പ്ലാന്റ് - 1 എണ്ണം<br>$2m^3$ പ്ലാന്റ് - 62 എണ്ണം<br>$3m^3$ പ്ലാന്റ് - 18 എണ്ണം<br>$6m^3$ പ്ലാന്റ് - 1 എണ്ണം<br>എന്നിവയ്ക്കായി 11.562 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| 4) | നാഷണൽ മിഷൻ ഓൺ | 9.28865 | മണ്ണു പരിശോധനയും സോയിൽ ഹെൽത്ത് കാർഡ് വിതരണവും നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | സസ്റ്റെയിനബിൾ അഗ്രിക്കൾച്ചർ (NMSA) | | |
| 5) | സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ എക്സ്റ്റെൻഷൻ (SMAE) | 82.86325 | കർഷകർക്കായി പരിശീലന പരിപാടി. മാതൃകാ കൃഷിത്തോട്ടങ്ങൾ, കർഷക ശാസ്ത്രജ്ഞ മുഖാമുഖം. കിസാൻ ഗോഷ്ഠി, കൃഷി പാഠശാലകൾ, കർഷക സെമിനാർ. അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേനകൾ എന്നിവ നടപ്പിലാക്കി. |
| 6) | പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) | 137.06407 | മോട്ടോർ പമ്പ് സെറ്റ് (ഡീസൽ/ഇലക്ട്രിക്)- 50% സബ്സിഡി. ജലസംഭരണി നിർമ്മാണം വ്യക്തികൾക്ക് - 50% സബ്സിഡി. ജലസംഭരണി നിർമ്മാണം പൊതുവായത് - 100% സബ്സിഡി. കുളം പുനരുദ്ധാരണം - 50% സബ്സിഡി എന്ന നിരക്കിൽ നൽകിയിട്ടുണ്ട്. |
| 7) | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) | 362.91619 | ഉറസ്സായ സ്ഥലത്തെ പച്ചക്കറി വിത്തുല്പാദനം. വാഴ, പൈനാപ്പിൾ, പപ്പായ, സൂക്ഷ്മ ജലസേചനമില്ലാത്ത പ്ലാവ്, അലങ്കാര പുഷ്പം, ഇഞ്ചി/മഞ്ഞൾ, കുരുമുളക്/ജാതി എന്നിവയുടെ കൃഷി വിസ്തൃതി വ്യാപനം. മാവ്, വെറ്റില, കൊക്കോ എന്നിവയുടെ കൃഷി, ഹൈഡെൻസിറ്റി പ്ലാന്റിംഗ്, സങ്കരയിനം പച്ചക്കറി കൃഷി, കുരുമുളക് കൃഷി പുനരുദ്ധാരണം, പോളീഹൗസ്, ഷെയ്ഡ് നെറ്റ് (ട്യൂബുലാർ), പോളീഹൗസിലെ പച്ചക്കറി കൃഷി, യന്ത്ര സാമഗ്രികളുടെ വിതരണം, പ്ലാസ്റ്റിക് മൾച്ചിംഗ്, മണ്ണിരക്കമ്പോസ്റ്റ്, സ്കിൽ ഡെവലപ്മെന്റ് ട്രയിനിംഗ്, തിരിനന, പദ്ധതിയധിഷ്ഠിത പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കി. |

സെക്ഷൻ ഓഫീസർ